
# DIGITAL WALL

## G H S CHAMUNDIKUNNU

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്



പ്രധാനാധ്യാപകന്റെ കാര്യാലയം
ഗവ. ഹൈസ്കൂൾ ചാമുണ്ഡിക്കുന്ന്
തിയതി : 27 01 2020

ആശംസ

ശാസ്ത്രവും സാങ്കേതിക വിദ്യയും അനുദിനം വികസിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, പൊതുവിദ്യാഭ്യാസം പൂർണ്ണമായും ഹൈടെക് ആയി മാറുമ്പോൾ സ്കൂളുകളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബുകൾക്ക് വളരെയേറെ പ്രസക്തിയും പ്രാധാന്യവുമുണ്ട്. ചാമുണ്ഡിക്കുന്ന് ഗവ. ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അവരുടെ പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.

GHS CHAMUNDIKKUNU 671532 P.O. CHAMUNDIKKUNU

ജോസി.വി.വി
ഹെഡ്മാസ്റ്റർ, ജി. എച്ച്. എസ് ചാമുണ്ഡിക്കുന്ന്.

ആശംസ

വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഭാവിയിൽ പ്രയോജനപ്പെടുത്താൻ കുട്ടികൾക്ക് അവസരമൊരുക്കുന്ന ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിനും, സർഗശേഷിയെ സാങ്കേതിക വിദ്യയുമായി കൂട്ടിയിണക്കി അവതരിപ്പിക്കുന്ന ഡിജിറ്റൽ മാഗസിൻ എന്ന നൂതന ശ്രമത്തിനും പ്രോത്സാഹനത്തോടൊപ്പം എല്ലാവിധ ആശംസകളും നേരുന്നു.

ശുഭ.പി.പി.

കൈറ്റ് മിസ്ട്രസ്

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

**ഉള്ളടക്കം....**


സ്കൂളിനെക്കുറിച്ച്.....5
പ്രതാപം മങ്ങാതെ ബദാമി.....6
കട്ടിച്ചിത്രം.....8
മോഹിനിയാട്ടം.....10
തിരുവാതിര (കൈകൊട്ടിക്കളി).....11
പടയണി.....12
കുറുക്കനും കോഴിയും.....14
കട്ടിച്ചിത്രം.....15
സഹനം.....16
ഉറുമ്പിന്റെ ഉമ്മാച്ച.....17
കട്ടിച്ചിത്രം.....18
പൂവും പൂമ്പാറ്റയും.....19
പ്രകൃതി നമ്മുടെ അമ്മ.....20
കട്ടിച്ചിത്രം.....21
My dog.....22
പഴഞ്ചൊല്ലുകൾ.....23
സുഭാഷ് ചന്ദ്ര ബോസ്.....24
കട്ടിച്ചിത്രം.....25
ല്യൂട്ടാപ്പി.....26
അമ്മ എന്ന മാഹാത്മ്യം.....27
Oliver wendell Holmes Sr.....28
Stephan hawking.....29
കട്ടിച്ചിത്രം.....30
തുമ്പി.....31
കേരളം.....32
കട്ടിച്ചിത്രം.....33
കടങ്കഥകൾ.....34
നിലാവിനോട്.....35
റാണി ഗയ്ഡിൻല്യ.....37
മണ്ണും മരവും.....38
Stephen william hawking.....39
പഞ്ഞ മരം.....40
സൈബർ സുരക്ഷയെക്കുറിച്ച് അറിയൂ.....41
Robert Scoterllaro.....43
Vaikkam Vijayalakshmi.....43
ഓണം.....44


ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

# സ്കൂളിനെക്കുറിച്ച്

പനത്തടി പഞ്ചായത്തിലെ പൊതുവിദ്യാഭ്യാസമണ്ഡലത്തിൽ ശ്രദ്ധേയമായ വിജയങ്ങൾ നേടി മുന്നേറുന്ന, അറിവെന്ന ആത്മാവിഷ്ക്കാരത്തെ സാർത്ഥകമാക്കി തലമുറകൾക്ക് അക്ഷരവെളിച്ചമേകി ഭാവിയുടെ വിശാലവിഹായസ്സിലേക്ക് തലയുയർത്തി നിൽക്കുന്ന ചാമുണ്ഡിക്കുന്നിന്റെ സാംസ്കാരിക പ്രബുദ്ധതയുടെ നിറതേജസ്സാണ് ചാമുണ്ഡിക്കുന്ന് ഗവ: ഹൈസ്കൂൾ.

ഓട്ടമല, ചെർണ്ണൂർ, തുമ്പോടി, അടുക്കം, വാതിൽമാടി, മുന്തന്റെമൂല, വീട്ടിയാടി, മലാംകുണ്ട്, മാനടുക്കം, ചാമുണ്ഡിക്കുന്ന് തുടങ്ങിയ സ്ഥലങ്ങളിലെ രക്ഷിതാക്കളും കുട്ടികളും പ്രതീക്ഷയോടെ സമീപിക്കുന്ന, വിദ്യയുടെ വിളക്കുമാടമായി തെളിഞ്ഞ് കത്തുന്ന ഈ വിദ്യാലയം 1954 ഡിസംബറിൽ ശ്രീ. കുഞ്ഞാണു നായ്ക്ക് ദാനമായി നൽകിയ സ്ഥലത്ത് ഏകാധ്യാപകവിദ്യാലയമായി ആരംഭിച്ചു. ആദിവാസികളും കുടിയേറ്റ കർഷകരും വസിക്കുന്ന ഇവിടെ 54% കുട്ടികളും ആദിവാസി വിഭാഗക്കാരാണ്. 2011 ൽ യു.പി - സ്കൂൾ ആർ.എം.എസ്.എ യുടെ പദ്ധതിപ്രകാരം ഹൈസ്കൂളായി ഉയർത്തപ്പെട്ടു.

ഓജസ്സും തേജസ്സുമുള്ള പുതുതലമുറയെ വാർത്തെടുക്കാൻ പി.ടി.എ യും അധ്യാപകരും എപ്പോഴും ശ്രദ്ധാലുക്കളാണ് എന്നത് ഈ സ്കൂളിന്റെ പുരോഗതിയുടെ അടിസ്ഥാനശിലയാണ്.

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

<u>പ്രതാപം മങ്ങാതെ ബദാമി</u>

യാത്രാ വിവരണം

# ആറാം നൂറ്റാണ്ടിൽ നിർമ്മിച്ച കർണ്ണാടകയിലെ ബദാമിയുടെ ശിൽപ വിസ്മയങ്ങളിലൂടെ......



ബീജാപ്പൂരിൽ നിന്നു റോണിയിലേക്കുള്ള റോഡിന്റെ ഇരുവശത്തും ഉള്ളിയാണു കൃഷി. ചന്തകളും മാലയും,വളയും വിൽക്കുന്ന വ്യപാരികൾ. കാറിന്റെ ഗ്ലാസിലൂടെ ഇരുമ്പികുതിച്ചുവരുന്ന കാറ്റ്. ഈ കാഴ്ചകൾ ഒക്കെ വലിയ ഒരു മലയിൽ എത്തി. ബദാമി എന്നത് വെറുമൊരു പേരല്ല. 1400 വർഷം പഴക്കമുള്ള ഒരു സമ്രാജ്യത്തിന്റെ തെളിവാണ്. ആറാം നൂറ്റാണ്ടിൽ ചാലൂക്യ രാജാവായ പുലികേശി രമണ്ടാമത്തെ കാലത്തായിരുന്നു കോട്ടയുടെ നിർമ്മാണം. മാർബിളിനെ തോൽപ്പിക്കും വിധം മിനുക്കിയെടുത്ത ചെങ്കല്ലുകൾ പതിച്ചപാത നൂറടിയിലേറെ ഉയരമുള്ള പാറയാണ് ഇരുവശത്തും മലപോലെ ഉയർന്നു നിൽക്കുന്ന പാറയുടെ നിഴൽ വീണ വഴിയിൽ വെയിലിന്റെ കനമറിയില്ല.

ചാലൂക്യൻമാർ ജീവിച്ചതിന് തെളിവാണ് കർണാടകയിലെ ബദാമികോട്ട. കോട്ടയുടെ മുകളിലേക്കുള്ള പാതയിൽ നിലവറകൾ ഏറെയുണ്ട്.
അതിക്രമിച്ചു കടക്കുന്നവരെ അടച്ചിടാനുള്ള കാരാഗൃഹങ്ങൾക്കു നടുവിലൂടെയാണ് മുകളിലേക്കുള്ള
വഴി. 50 അടി പൊക്കമുള്ള രണ്ട് കോട്ടകളും അവയ്ക്കു നടുവിൽ സമൃദ്ധമായി വെള്ളം നിറഞ്ഞുനിൽക്കുന്ന തടാകവും ബദാമിയെ മനോഹരമാക്കുന്നു. ഗുഹാ ക്ഷേത്രങ്ങൾ ചേർത്ത ചാലൂക്യൻമാർ കെട്ടിപ്പൊക്കിയ അപൂർവ്വ സൃഷ്ടിയാണ് ബദാമി കോട്ട. കോട്ടയിലെ ഓരോ മണൽതരിക്കും അധികാരത്തിന്റെയും, പകപോക്കലിന്റെയും മുറിപ്പാടുകൾ ഉണ്ട്. ഭക്തിയുടെ ആനന്ദ നിമിഷങ്ങൾ ഉണ്ട്.

ഏറ്റവുമൊടുവിൽ ടിപ്പുസുൽത്താൻ മുതൽ ഝാൻസിറാണി വരെയുള്ള ഭരണാധികാരികൾ ബദാമിയിൽ വിജയക്കൊടിനാട്ടി. കാലത്തിന്റെ ഒഴുക്കിൽ രാജചരിത്രം ആ മണ്ണിൽ നിന്നും മാഞ്ഞെങ്കിലും നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും പ്രതാപകാലത്തിന്റെ അടയാളമായി ബദാമി കോട്ട ഇന്നും തലയുയർത്തി നിൽക്കുന്നു.

ഗ്രീഷ്മ

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

<u>കുട്ടിച്ചിത്രം</u>



Stenin

# കേരളത്തിലെ കലാരൂപങ്ങൾ

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

# മോഹിനിയാട്ടം

കേരളീയ നൃത്ത രൂപമായ മോഹിനിയാട്ടം ചിലപ്പതികാരത്തിനു മുൻപുതന്നെയുള്ള കലയാണ്. സ്വാതിതിരുനാളിന്റെ കാലം തൊട്ടാണ് കേരളത്തിന്റെ തനതുകലയായി മോഹിനിയാട്ടം വളർന്നത്.
തമിഴ്നാട്ടിലെ ദാസിയാട്ടം കേരളത്തിലേക്കു കടന്നു എന്നും ക്രമേണ അത് മോഹിനിയാട്ടമായി പരിണമിച്ചെന്നും ചിലർ കരുതുന്നു. തഞ്ചാവൂരിൽ നിന്നെത്തിയ പൊന്നയ്യ, വടിവേലു, ചിന്നയ്യ എന്നിവർ സ്വാതിതിരുന്നാളിന്റെ നിർദ്ദേശപ്രകാരം ഈ നൃത്തം പരിഷ്കരിച്ച് അവതരിപ്പിക്കാൻ തുടങ്ങി. സ്ത്രീകളാണ് മോഹിനിയാട്ടം നടത്തിയിരുന്നത്. ശബ്ദം, വർണ്ണം, പദം, തില്ലാന,ജവോളി, ശ്ലോകം, എന്നിങ്ങനെ ക്രമപ്പെടുത്തിയാണ് ആടുന്നത്. പശ്ചാത്തല സംഗീതമായി വായ്പ്പാട്ട്, മദ്ദളം, കുഴിതാളം എന്നിവയായിരുന്നു ഉണ്ടായിരുന്നത്.ചിന്നമ്മു അമ്മ, കല്യാണിക്കുട്ടി, സത്യഭാമ എന്നീ കലാമണ്ഡലപ്രവർത്തകരുടെ ശ്രമഫലമായാണ് മോഹിനിയാട്ടം നഷ്ടപ്പെട്ട ഉണർവ് വീണ്ടെടുത്തത്.

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

# തിരുവാതിര (കൈകൊട്ടിക്കളി)

മഹിളകൾ മാത്രം പങ്കെടുക്കുന്ന ഒരു തനി കേരളീയ നാടൻ സംഘനൃത്തമാണിത്. വനിതകൾ സംഘം ചേർന്ന് നിലവിളക്കിനു ചുറ്റും ലാസ്യരീതിയിൽ ചുവടുവച്ച് കൈകൊട്ടി വട്ടത്തിൽ ചുറ്റി പുരാണകഥാഗാനം ആലപിച്ച് നൃത്തം വയ്ക്കുന്നു. തനി കേരളീയ വേഷത്തിൽ പുടവയും കവണിയും ധരിച്ച് ചാന്തുമണിഞ്ഞ് പൂവും ചൂടി പാട്ടുകൾ പാടി കളിക്കുന്നു. കൈക്കൊട്ടികളിക്കായി അനവധി പാട്ടുകളുണ്ട്. മാർക്കണ്ഡേയപുരാണം, ദക്ഷയാഗം, വൈശാഖമാഹാത്മ്യം, പാർവ്വതീ സ്വയംവരം, അജാമിളമോക്ഷം, അമൃതമഥനം, ധ്രുവചരിതം, സുഭദ്രാഹരണം തുടങ്ങിയ പാട്ടുകൾ സാധാരണയായി പാടാറുണ്ട്.

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

# പടയണി

കേരളത്തിൽ ആലപ്പുഴ,കൊല്ലം,പത്തനംതിട്ട ജില്ലകളിലെ ചില ദേവിക്ഷേത്രങ്ങളിൽ നടത്തിവരുന്ന അനുഷ്ഠാനകാലയാണ് പടയണി. മറുത,യക്ഷി എന്നിവയുടെ കോലങ്ങളും നൂറ്റൊന്നു പാളകളിൽ തീർത്ത ഭൈരവിക്കോലങ്ങളും തുള്ളുന്നു. ക്ഷേത്രാങ്കണത്തിലെത്തിച്ചേരുന്ന പടയണി ക്ഷേത്രത്തിനു വലംവയ്ക്കുന്നു. പലതരം പടയണിപ്പാട്ടുകൾ താളമേളകളുടെ അകമ്പടിയോടെ പാടി ആളുകൾ വട്ടത്തിൽ നിന്നു ചുവടുവച്ചു തുള്ളുന്നു. കമുങ്ങിൻ പാളയും തടിയും കോലംകെട്ടുന്നതിന് ഉപയോഗിക്കുന്നു. രാത്രിയിൽ ചൂട്ടുകറ്റകളും കൊളുത്തിയാണ് പടയണി അരങ്ങേറുന്നത്.

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്



ജി എച്ച് എസ

# കുറുക്കനും കോഴിയും

സുന്ദരിക്കോഴി കുറേ മുട്ടയിട്ടു മുട്ട വിരിയാനായി അവൾ അടയിരിക്കുമ്പോൾ ഒരു കുറുക്കൻ അതുവഴി വന്നു.അവൻ സുന്ദരിയുടെ അടുത്തെത്തി എന്നിട്ട് അവളെ പിടിച്ചു തിന്നാൻ തക്കം നോക്കി ചാടി. ' എന്താ ചേട്ടന്റെ ഭാവം? എന്നെ പിടിച്ച് തിന്നാനാണോ?' സുന്ദരി ചോദിച്ചു. ' അല്ലപിന്നെ! ഹും ഒരു ചോദ്യം ' കുറുക്കൻ വിചാരിച്ചു. 'ചേട്ടാ ഈ മുട്ടകൾ വിരിയുന്നതുവരെ ക്ഷമിച്ചുകൂടെ എങ്കിൽ മൂന്ന് നാല് എണ്ണത്തിനെ തിന്നാം. അതുകൊണ്ട് ചോദിച്ചതാണ് കേട്ടോ '. സുന്ദരി പറഞ്ഞത് ശരിയാണല്ലോ കുറുക്കന് തോന്നി. മുട്ട വിരിഞ്ഞാൽ മൂന്നാലെണ്ണത്തെ തിന്നാൻ
കിട്ടും, നല്ല ഉഗ്രൻ സദ്യ തന്നെ കിട്ടും. 'ശരി ശരി അങ്ങനെ തന്നെ ആകട്ടെ'.
കുറുക്കൻ നടന്നു. ഒരാഴ്ച കഴിഞ്ഞപ്പോൾ കുറുക്കൻ വീണ്ടും സുന്ദരിക്കോഴിയുടെ അടുത്തെത്തി 'ഹോയ് സുന്ദരി നീയിങ്ങു പുറത്തു വാ എന്താ നിന്റെ മുട്ടകളൊക്കെ
വിരിഞ്ഞോ?' ' ഓ വിരിഞ്ഞല്ലോ ഞാൻ നിന്നെയും കാത്ത് ഇരിക്കുകയായിരുന്നു '
സുന്ദരി കോഴി പറഞ്ഞു . ' ഓഹോ എത്രയെണ്ണം ഉണ്ട് ?' കുറുക്കൻ ചോദച്ചു 'നാല്ലെണ്ണം ഉണ്ടായി' . 'നന്നായി ആ നാല്ലെണ്ണത്തേയും നിന്നെയും ഞാൻ ഇപ്പോൾ തിന്നും കുറുക്കൻ പറഞ്ഞു'. 'അതെങ്ങനെ സാധിക്കും നിന്നെക്കൊണ്ട് ഇപ്പോൾ എന്നെ ഒന്നും ചെയ്യാൻ സാധിക്കില്ലാ കാരണം ഞാൻ ഇപ്പോൾ കൂട്ടിനകത്താണ്.'
'എങ്കിൽ ഞാനിപ്പോൾ ഈ കൂട് തകർക്കും കുറുക്കൻ പറഞ്ഞു.' 'അപ്പോൾ ഞാൻ നിലവിളിക്കുകയും ഇവിടെത്തെനായയും മറ്റ ആളുകളും നിന്നെ കൊല്ലുകയും ചെയ്യും ' കോഴി പറഞ്ഞത് കേട്ട് കുറുക്കൻ പേടിച്ചോടി.

പ്രണവ്. വി . എസ്

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

# കുട്ടിച്ചിത്രം



ആരോമൽ

std : III

# സഹനം

പ്രകൃതി സൃഷ്ടിച്ചൊരു ജന്തുജാലങ്ങൾക്കു-
പ്രകൃതിതാൻ താങ്ങായി നിന്ന നേരം
മനുഷ്യരവർ ദുഷ്ട ശക്തികൾ നശിപ്പിക്കുന്നു
പ്രകൃതിയെ!
തിരിച്ചടിക്കുന്നു പ്രകൃതി ദേവത
പ്രളയമായി.

പ്രകൃതി സമ്മാനിച്ച സൗഭാഗ്യ-
ങ്ങളെല്ലാം  വികസനമെന്നതിൽനശിപ്പിച്ച് മാനവർ
സൗധങ്ങളെല്ലാം പണിതുയർത്തി.
പ്രകൃതി , അവൾ രോഷഭരിതയായി നൃത്തമാടിടുന്നു
പ്രകൃതിദുരന്തങ്ങളായി
അരുത്  മാനവാ..... അഹങ്കരിക്കരുതു നീ
ലഭിച്ചതൊന്നന്നിനേയുമില്ലാതാക്കി
സ്നേഹിക്കു നീ സർവചരാചരങ്ങളെയും
സംരക്ഷിക്കു നീ പ്രകൃതിയെ.......

അർച്ചന.എ.സ്

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

# ഉറൂബിന്റെ ഉമ്മാച്ചു

വായനാകുറിപ്പ്

ഒരു ഗ്രാമ ജീവിതാവിഷ്ക്കാരത്തിലേക്ക് ഉറൂബ് കൊണ്ടു പോകുന്നു.രാഗദ്വേഷാദിഹൃദയ വ്യാപാരങ്ങൾ കീഴപ്പെടുത്തിയ സാധാരണ മനുഷ്യരുടെ സത്യസന്ധമായ ജീവിതത്തെകുറിച്ചാണ് ഉറൂബിന്റെ ഉമ്മാച്ചു നമ്മളെ കൊണ്ടുപോകുന്നത്.മായനെ സ്നേഹിക്കുകയും ബീരാനെ വിവാഹം കഴിക്കേണ്ടിവരുകയും ചെയ്ത ഉമ്മാച്ചു.അഭിലാഷസിദ്ധിയുടെ സുശക്തമായ ആഹ്വാനത്തിനിടയിൽ വിവേകം ചിലപ്പോൾ മാറിനിൽക്കും.ഉമ്മാച്ചുവിനും ഈ കഥയിൽ അതുതന്നെയാണ് സംഭവിച്ചത്. ബീരാന്റെ ഘാതകയായ മായനെ വരിച്ചു.വ്യക്തിയുടെ അഭിലാഷവും സാമൂഹിക നീതിയും തമ്മിലുള്ള ഒരു സംഘർഷം ഉമ്മാച്ചുവിൽ ഉറൂബ് വരച്ചുകാട്ടുന്നു.ഇരുട്ടുകയറിയ ഇടനായികകളിലേക്ക് പ്രകാശം പരത്തുന്ന ഉറൂബിന്റെ സൃഷ്ടി കർമ്മത്തിന് വളരെവലിയ ഉദാഹരണമാണ് ഉമ്മാച്ചു.

**ഡെൽന സജി**

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

# കുട്ടിച്ചിത്രം



Abhishek Raj
V A

# പൂവും പൂമ്പാറ്റയും..



കൂട്ടുകാരികളായിരുന്നു പൂവും പൂമ്പാറ്റയും. എന്നും പൂമ്പാറ്റ അവളുടെ കൂട്ടുകാരിയായ പൂവിന്റെ അടുത്തേക്ക് ചെല്ലും. കുശുമ്പിയും അസൂയക്കാരിയുമായിരുന്ന തേനീച്ചയ്ക്ക് ഇതൊന്നും ഇഷ്ടമല്ലായിരുന്നു. ഒരു ദിവസം പൂമ്പാറ്റയെ കണ്ടതേയില്ല. പൂവ് ആകെ വിഷമത്തിലായി. അന്ന് മാത്രം തേനീച്ച പൂവിന്റെ അടുത്തേക്ക് ചെന്നു. എന്നിട്ട് പൂവിനോട് പറഞ്ഞു. “പൂമ്പാറ്റ നിന്നോട് പിണങ്ങി. അവൾ മറ്റൊരു പൂമ്പാറ്റയോട് പറയുന്നത് ഞാൻ കേട്ടു. നിന്നേക്കാൾ തേനുള്ള പൂവാണ് അവൾക്ക് ഇഷ്ടമെന്ന്.”പൂവാകെ വിഷമിച്ചു. തേനീച്ച പറഞ്ഞത് കള്ളമാണെന്ന് അവൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. പൂമ്പാറ്റ തന്റെ അമ്മൂമ്മയെ കാണാൻ പോയതായിരുന്നു. പൂമ്പാറ്റ തിരിച്ചെത്തിയ ഉടനെ തേനീച്ച പറഞ്ഞു. “പൂവ് നിന്നോട് പിണക്കമാണ്. അവൾ സുന്ദരിയായ മറ്റൊരു പൂമ്പാറ്റയുമായി കൂട്ടുകൂടി.”പക്ഷേ, പൂമ്പാറ്റയ്ക്ക് തേനീച്ചയുടെ കള്ളത്തരം മനസ്സിലായി. അവൾ വേഗം പൂവിന്റെ അടുത്തേക്ക് ചെന്നു. “ഞാൻ അമ്മൂമ്മയുടെ വീട്ടിൽ അത്യാവശ്യമായി പോയതായിരുന്നു. ആ അസൂയക്കാരി തേനീച്ച നിന്നെ വിഷമിപ്പിച്ചോ?”ഇത് കേട്ടതും പൂവിന് തന്റെ തെറ്റ് മനസ്സിലായി. “ക്ഷമിക്കണം, ഞാൻ നിന്നെ മനസ്സിലാക്കിയില്ല. ഇത്രയും നല്ല ചങ്ങാതിയെകിട്ടിയ ഞാൻ എന്ത് ഭാഗ്യവതിയാണ്. നീ എന്നെ എത്രത്തോളം വിശ്വസിക്കുന്നു.” സന്തോഷത്തോടെ രണ്ട് പേരും കെട്ടിപ്പിടിച്ചു. തേനീച്ച നാണിച്ച് തലതാഴ്ത്തി.

സ്നേഹ VI

# പ്രകൃതി നമ്മുടെ അമ്മ

നമ്മുടെ കേരളത്തിൽ പണ്ട് കാലത്ത് ജാതിയുടെയും മതത്തിന്റെയും പേരിൽ ധാരാളം അനാചാരങ്ങൾ നിലനിന്നിരുന്നു . അത്തരത്തിലൊരു മതഭ്രാന്ത് ഇന്നില്ല പകരം പ്രകൃതിയെ പൂർണമായും നശിപ്പിക്കുകയാണ്.അത് മൂലം പല പ്രകൃതിദുരന്തങ്ങൾ നാം ഇക്കഴിഞ്ഞ രണ്ടുവർഷങ്ങളായി അനുഭവിക്കുന്നു . പ്രളയദുരന്തങ്ങൾ കുറേയൊക്കെ കേരളത്തിലാണ് വന്ന് ഭവിച്ചത്.കവളപ്പാറ എന്ന സ്ഥലത്ത് ഉരുൾപൊട്ടൽമൂലം ആയിരങ്ങളുടെ ജീവൻ നഷ്ടപ്പെട്ടു.പല ജില്ലകളിലും ഇത്തരംഉരുൾപൊട്ടലുംവെള്ളപ്പൊക്കവും ഉണ്ടായി.കവളപ്പാറയിൽ ആയിരുന്നു കൂടുതൽ ദുരന്തം.ഈ ദുരന്തം ഒക്കെ നമ്മൾ വിളിച്ചുവരുത്തിയതാണ്.ഇതിനായി നമ്മുക്ക് പല പ്രതിവിധികളും കണ്ടെത്താം.ചെടികൾ നട്ടുവളർത്താം.മണൽവാരൽ പൂർണമായും ഒഴിവാക്കാ.വനങ്ങൾ നശിപ്പിക്കാതിരിക്കാം.വനനശീകരണം മൂലമാണ് പ്രധാനമായും ഉരുൾപൊട്ടൽ ഉണ്ടാകുന്നത്.അങ്ങനെ ആയിരങ്ങളുടെ ജീവൻ കവളപ്പാറയിൽ പോയെങ്കിലും അവരെ രക്ഷിക്കാൻ ശ്രമിച്ചവർ ജാതിയെന്നോ മതമെന്നോ നോക്കിയില്ല . എല്ലാ ജില്ലകളിലും ഇത്തരം സംഭവങ്ങൾ നടന്നു എന്നാലും കഴി ഞ്ഞവർഷത്തിൽ രക്ഷപ്രവർത്തനം കൂടുതലായി നടത്തിയത് മത്സ്യബന്ധനക്കാരായിരുന്നു.നമ്മുടെ കേരളം തിരിച്ചുകൊണ്ടുവരാൻ നമുക്ക് കഴിയും. അതിനായി മുൻകരുതലുകൾ എടുക്കണം.എങ്കിലും പണ്ട് കാലത്ത് ഉണ്ടായിരുന്ന ജാതിമത വ്യത്യാസം ഇല്ലാത്ത പച്ചപ്പാർന്ന കേരളം തന്നെ മതി .നല്ല കേരളത്തിനായി നമുക്ക് കൈകോർക്കാം

**കേരളം വിജയിക്കട്ടെ**

**കേരളം എന്റെ ജന്മനാട്**

**പരശുരാമൻ മഴുവെറിഞ്ഞ് പൊങ്ങിവന്ന കേരളം**

*അഞ്ജന രാജ*

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

# കുട്ടിച്ചിത്രം



ജി എച്ച്

*Lekshmi Manoj*

*IV A*

# My dog...

I love my dog..
who is very fat..
she likes fish..
her colour is white..
and tail so beauty..
she's my best friend..



sundar raj
I A

# പഴഞ്ചൊല്ലുകൾ

1) അകത്തു കത്തിയും പുറത്ത് പത്തിയും

2) കക്കാൻ പഠിച്ചാൽ നിൽക്കാനും പഠിക്കണം

3) ആനവായിൽ അമ്പഴങ്ങ

4) ആളു വില കല്ലു വില

5) കടന്നൽ കൂട്ടിൽ കല്ലെറിയരുത്

6) ആഴമുള്ള വെള്ളത്തിൽ ഓളമില്ല

7) ഏറെപ്രിയം അപ്രിയം

8) പാല പൂത്താൽ പാമ്പിനോളം

9) ആശാരി അകത്തായാൽ ആധാരം പുറത്ത്

10) ആറടി മണ്ണിൽ എല്ലാവരും തുല്യർ

11) കാക്കയ്ക്ക് തൻ കുഞ്ഞ് പൊൻ കുഞ്ഞ്

12) ഉടലു രണ്ട് ഉയിരൊന്ന്

13) നാം നന്നായാൽ ലോകവും നന്നാവും

14) എണ്ണതേച്ചവർക്കൊക്കെ താളി വേണ്ടു

15) ശിവരാത്രി കഴിഞ്ഞാൽ പാളയെടുക്കുക

Ananya Anil

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

# സുഭാഷ് ചന്ദ്ര ബോസ്



1897-ന് ജനുവരി 23-ന് ഒറീസ്സയിലെ കൽക്കട്ടയിൽ സുഭാഷ്ചന്ദ്രബോസ് ജനിച്ചു. ഇന്ത്യയിലെ സ്വാതന്ത്ര സമര യോദ്ധാവും ദേശീയ പ്രസ്ഥാനത്തിലെ ശക്തനായ നേതാവുമായിരുന്ന സുഭാഷ്ചന്ദ്രബോസ്.1930 ൽ തടവിലായ ബോസിനെ ചികിത്സയ്ക്കായി വിയന്നയിലേക്ക് അയച്ചു.1945-ൽ തായ്വെയിൽ വച്ച് വിമാനം തകർന്ന് കൊല്ലപ്പെടുകയായിരുന്നു എന്ന് കരുതപ്പെടുന്നു

**അഞ്ജനരാജു**

S.T.D:6

ജി എച്ച് എസ് ചാ

# കുട്ടിച്ചിത്രം



Vipin M

# ലുട്ടാപ്പി.

ഒരു ദിവസം ലുട്ടാപ്പി കുന്തത്തിൽ കയറി ഒരുകടപ്പുറത്തെത്തി . അതാ കുറെ കുട്ടികൾ പട്ടം പറത്തുന്നു. ഇന്ന് ഇവിടെ ഇറങ്ങി ഇവരെ പറ്റിക്കാം ലുട്ടാപ്പി വിചാരിച്ചു. താഴെയിറങ്ങിയ ലുട്ടാപ്പി ഒരു കുട്ടിയുടെ അടുത്തേക്കുചെന്നു പറഞ്ഞു.പട്ടം തരൂ. ലുട്ടാപ്പിയെ കണ്ട് പേടിച്ചു പോയ കുട്ടി പട്ടം കൊടുത്തു. ഹി....ഹി.... ഇനി ഞാൻ പറത്താം ലുട്ടാപ്പി പറഞ്ഞു. ഇതു കണ്ട കുട്ടികൾ പട്ടവുമായി ഓടി. ലുട്ടാപ്പി ഓടിച്ചെന്ന് അവരുടെ നേരെ തീ ഊതി . പേടിച്ചുപോയ കുട്ടികൾ പട്ടം താഴെയിട്ട് ഓടി പോയി. ലുട്ടാപ്പി അവരുടെ പട്ടങ്ങൾ കൂടി എടുത്തു. ഹി...ഹി... ഇതെല്ലാം അതുവഴി വന്ന മായാവി കണ്ടു. ലുട്ടാപ്പിയെ ഇങ്ങനെ വിട്ടാൽ ശരിയാവില്ല മായാവി കരുതി. മായാവി ലുട്ടാപ്പിയെ നോക്കി ഒരു മന്ത്രം ചൊല്ലി . ലുട്ടാപ്പിയുടെ കൈയ്യിലിരുന്ന പട്ടങ്ങൾ പെട്ടന്ന് ശക്തിയിൽ മേലേക്ക് പൊങ്ങി. ലുട്ടാപ്പി പട്ടത്തിൻെറ ചരടുകളിൽ പിടിച്ചു വലിച്ചു. പക്ഷെ അവ താഴേക്ക് വന്നില്ല പകരം ലുട്ടാപ്പി കൂടി ആകാശത്തേക്ക് പൊങ്ങിപ്പൊയി. അപ്പൊ കുറേ കരഞ്ഞ ലുട്ടാപ്പിയെ മായാവി താഴെയിറക്കി. നാണിച്ചു പോയ ലുട്ടാപ്പി പറന്നുപോയി. പട്ടങ്ങൾ തിരിച്ചു കിട്ടിയ കുട്ടികൾക്ക് സന്തോഷമായി . മായാവിക്കും സന്തോഷമായി.

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

ശിവന്യ .എ. സ്.

# അമ്മ എന്ന മാഹാത്മ്യം

ഏതോ അനന്തതയിൽ ഇരുളിനെ അകറ്റി.
ആദിത്യൻ വന്നുദിക്കുന്നു.
ഓരോ യാമങ്ങൾ അകലുന്ന നേരം.
ചിത്തം വിതുമ്പിക്കരഞ്ഞീടുന്നു.



ഏകാന്തത സ്മരിക്കുന്ന എൻ ജീവന്റെ
തരളമാം ഗാനങ്ങൾ കേട്ടുമടുക്കവേ,
ജീവന്റെ അന്ത്യനിശ്വാസത്തിൽ  ഞാൻ
ഏതോ കരങ്ങളിൽ സുഖമനുഭവിക്കവേ,
എന്നിട്ടുമെന്തേ ഞാൻ അറിയുന്നില്ലീ,
വാത്സല്യ സ്പർശമെൻ കാതുകളിൽ
അമ്മ എന്ന മഹത്വം സ്മരിപ്പൂ ഞാൻ,
അമ്മയെ കാർന്നു തിന്നുന്ന രോഗങ്ങൾ തൽ,
രോഗശയ്യയാൽ തളർന്നു വീഴുമ്പോഴും,
വറ്റാത്ത സ്നേഹത്തിൻ കണ്ണുകൾ തുളുമ്പുന്നു.
വിണ്ടടർന്ന ഹസ്തങ്ങളാൽ എന്നെ തഴുകി,

അഞ്ജന പത്മൻ

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

# Oliver wendell Holmes Sr

Holmes was an American physician,poet, professor, and author bassed in Boston A member of the fireside poet, his peers acclaimed his as one of the best writers of the day. His most famous prose works are the autocrat breakfast table series,  he was also an important medical reforme.

By,
Revathi Raj. N.R
S.T.D  6

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

# Stephan hawking

Stephan hawking is a greatest physicist known for his work regarding black holes in space. He was authored several popular science books. Even at an early age,he showed a passion for science and astronomy. At the age of 20 one,while studying at combridge, he was diagnosed with a serious disease.gradually,he became entirely paralysed and his life got confined to a wheel chair. Despite his illness, he was done ground breaking in physics and astronomy.

Anjana M

std : VI

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

# കുട്ടിച്ചിത്രം




ജി എച്ച

# തുമ്പി

തുമ്പി തുമ്പി പാറി പാറി നടന്നു...

കുഞ്ഞുകൈകളിൽ വന്നു....

കുഞ്ഞുകൈകളിൽ വന്നു...

താരാട്ട് പാടാനായി വന്നു...

തുമ്പി നിറഞ്ഞ ലോകത്ത്..

തുമ്പി തുള്ളനായി  വന്നല്ലോ...

കാത്തിരിക്കും നേരത്ത്

തുമ്പിത്തുള്ളാൻ വന്നല്ലോ..

നന്ദന

std 6

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

# കേരളം

*എന്റെ കേരളം ഇത് എന്റെ കേരളം*

*ഭംഗിയുള്ള കേരളം ഇത് എന്റെ കേരളം*

*ജാതിയെന്നോ , മതമെന്നോ വേർതിരിവില്ല*

*ഹിന്ദുവെന്നോ , ക്രിസ്തുവെന്നോ വേർതിരിവില്ല*

*എന്റെ കേരളം ഇതെന്റെ കേരളം*

*ഒരു കൊച്ചുസംസ്ഥാനം എന്റെ കേരളം*

*ഒട്ടനവധി കലകളുടെ സംസ്ഥാനം*

*അമൃതചന്ദ്രൻ*

***std : V***

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

# കുട്ടിച്ചിത്രം



*Aryanandha , V A*

# കടങ്കഥകൾ

1) പുറം മുഴുവൻ മുള്ളുണ്ട് ചക്കയല്ല  ഉടച്ചാൽ വെളുത്തിരിക്കും ആട്ടിയാൽ എണ്ണ കിട്ടും?

ഉത്തരം : ആവണിക്കിൻകായ്

2)പൂക്കളില്ലാത്ത കാട് കായകളില്ലാത്ത കാട്  വെട്ടും തോറും തളിർക്കും?

ഉത്തരം : തലമുടി

3)മലയിൽ വാഴ നട്ടു  കടലിൽ  വേരിറങ്ങി?

ഉത്തരം : സൂര്യൻ

4)ഇല്ലത്തമ്മകുളിച്ചുവരുമ്പോൾ വെള്ളിക്കിണ്ണംതുള്ളിതുള്ളി?

ഉത്തരം : അരി തിളയ്ക്കുന്നത്

5)കൊച്ചു കാല് മെല്ലെമെല്ലെ  നീണ്ട കാല് വേഗംവേഗം?

ഉത്തരം : വാച്ചിലെ സൂചി

6)തിന്നില്ല കുടിക്കില്ല തല്ലിയാൽ കരയും?

ഉത്തരം : ചെണ്ട

7)കാലകറ്റിയാൽ വായ തുറക്കും?

ഉത്തരം : കത്രിക

8)വാലില്ലാത്തവൻ വെള്ളം കുടിച്ചു?

ഉത്തരം : ഭൂമി

9)പുറമേ കാട് അകമേ പാറ ഉള്ളിൽ ചോറ്?

ഉത്തരം : തല

10)എല്ലില്ലാക്കിഴവൻ ഏഴാറും നീന്തും?

ഉത്തരം : കൃഷ്ണമണി

11)മണിയടിച്ചാൽ മലമ്പാമ്പോടും?

ഉത്തരം : തീവണ്ടി

Ananya Anil

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

# നിലാവിനോട്

ഓടിവാ ഓടിവാ പൂനിലാവേ!

ഓമനകുഞ്ഞിന്റെ മുന്നിൽ നീ വാ

പിഞ്ചുകൈ നീട്ടി കൗതുകത്തോടെ

കൊഞ്ചി വിളിക്കുന്നു പൈതൽ നിന്നെ

അമ്പിളി തേർ വിട്ടിറങ്ങിവാ നീ

ആ കണ്ട ആനമേൽ ഏറിവാ നീ

ഓടിവാ ഓടിവാ പൂനിലാവേ!

ഓമന കുഞ്ഞിന്റെ മുന്നിൽ വാ നീ

പാരതിൽ വന്ന് കളിക്കുന്നേരം

പാലും പഴവും തരുന്നതുണ്ട്

പൂപന്തലേറി കളിക്കുന്നേരം

പൂന്തേനും പൂവും തരുന്നതുണ്ട്

വിണ്ണിൽ നിന്നമ്പിളി കൊച്ചമ്മാവൻ

കണ്ണാടി കൊടുത്തയയ്ക്കും

തുമ്പപ്പൂ കണ്ടിട്ട് തുമ്പി ചൊല്ലും

തുവാലയങ്ങ് കൊടുത്തയയ്ക്കും

ഓടിവാ ഓടിവാ പൂനിലാവേ

ഓമനകുഞ്ഞിന്റെ മുന്നിൽ വാ നീ

വർഷ.വി

std : 4

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

# ഹൃദയം തുറന്നവൾ

മധുരക്കിനാവിൻ നീർച്ചാല്യ കൊണ്ടെന്റെ
ഹൃദയം കവർന്നവളെ
ഹൃദയമാം വാനിൽ ഞാനൊന്നുമെല്ലെ
സ്നേഹമാം ദീപം ചൊരിഞ്ഞോട്ടെ
ചൊരിയുന്ന ഗീതത്തിൻ മൃദുസ്പർശം
പോലെന്റെ സ്നേഹം കവർന്നവളെ
എന്നിൽ പ്രേമം ചൊരിഞ്ഞവളെ
പ്രകൃതിയാം ഭംഗിയിൽ നീലനിലാവിന്റെ
മോഹമെടുത്തവെളെ
നദിയായി മലയായി ഹിമകണമായെന്റെ
ഹൃദയം നിറച്ചവളെ
എന്നും നിന്റെ ഓർമ്മകൾ കാണുന്ന
പ്രകൃതിയാം ദൃശ്യങ്ങളിൽ
ഞാൻ നിന്നെ ഓർക്കുന്നു
മെല്ലെ ഹൃദയം തുറന്നീടുന്ന
ഹൃദയമാം വീണതൻ വേദന കേൾക്കാതെ
മാഞ്ഞുപോയവളെ
എന്നിൽ നിന്നുമകന്നവളെ
ഓർമകൾ തൻ വീണയുമായി
ഞാനെൻ  ഹൃദയം തുറന്നപ്പോൾ

നിന്റെ ഓർമകൾ മായാതെ നിന്നെൻ
ഹൃദയത്തിൻ
താളം കേട്ടവളെ എന്നിൽ സ്നേഹം
നിറച്ചവളെ
ഹൃദയത്തിനുള്ളിൽ നിന്നുതീർന്നൊരു
ശബ്ദം കേൾക്കാതെ പോയവളെ
എന്നെ നോക്കാതെ പോയവളെ
എന്റെ ഹൃദയത്തിനുള്ളിലെ പൂങ്കുല
നുള്ളാതെ പോയവളെ
എന്നെ മറന്നാലും

ഒരിക്കൽ ഹൃദയത്തിൽ നിന്ന് ........നിന്നെ മറക്കില്ല എന്നുമെന്നും

sreya

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

# റാണി ഗയ്ഡിൻല്യ

ബ്രിട്ടീഷുകാരെ കെട്ടുകെട്ടിക്കാനായി പോരാടിയ ധീരയാണ് ഗയ്ഡിൻല്യ . 1915-ൽ മണിപ്പൂരിലായിരുന്നു ജനനം . 13-ാം വയസ്സിൽ ഹേരക എന്ന മതപരമായ പ്രസ്ഥാനത്തിൽ ചേർന്നു . പിന്നീടിത് ബ്രിട്ടീഷുകാർക്ക് എതിരെ പോരാട്ടം നയിക്കുന്ന രാഷ്ട്രീയപ്രസ്ഥാനമായി . റോങ്മെയ്ലാഗാ ആദിവാസി നേതാവ് ജദോനാഥിന്റെ ശിഷ്യയായിരുന്നു ഗയ്ഡിൻല്യ . ബ്രട്ടീഷുകാർ അദ്ധേഹത്തെ തൂക്കിലേറ്റിയതോടെ പോരാട്ടത്തിന്റെ ചുമതല ആപെൺക്കുട്ടിക്കായി . മലനിരകളിലിരുന്ന് അവർ ബ്രിട്ടീഷുകാർക്ക് എതിരെ ഒളിപ്പോര് നടത്തി . അമിതമായി കരം ഈടാക്കികർഷകരെ ചൂഷണം ചെയ്യുന്നതിനെതിരെ അവർ പ്രതികരിച്ചു . കൃഷിഭൂമി വെറുതെ ഒഴിച്ചിടാനുള്ള ഗയ്ഡിൻല്യയുടെ ആഹ്വാനത്തെ കൃഷിക്ക് കരം കൊടുത്തുമുടിഞ്ഞ ജനം സ്വീകരിച്ചു . 1932-ൽ ഒക്ടോബറിൽ ഗയ്ഡിൻല്യ അറസ്റ്റ് ചെയ്യപ്പെട്ടു . ജീവപര്യന്തം തടവാണ് കോടതി വിധിച്ചത് . 1937-ൽ ഷില്ലോങ് ജയിലിൽവച്ച് ജവഹർലാൽ നെഹ്റു ഗയ്ഡിൻല്യവിനെ കണ്ടു . നെഹ്റുവാണ് 'റാണി' എന്ന വിശേഷണം നൽകിയത് . ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷമാണ് ജയിൽ മോചിതയായത് . രാഷ്ട്രം പത്മഭൂഷൺ നൽകിയാണ് ഈ ധീരയായ പോരാളിയെ ആദരിച്ചത് . 1993 ഫെബ്രുവരി 17 ന് റാണി ഗയ്ഡിൻല്യ ഓർമയായി .

Naveen N

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

## മണ്ണും മരവും

മണ്ണും മരങ്ങളും ജീവനാണ്..
വെള്ളവും വായുവും ശുദ്ധിവേണം..
കണ്ണാണ് മണ്ണ് കാതാണ് വായു..
കരളാണ് മക്കളേ വെള്ളം..
മണ്ണും മരങ്ങളും കാത്തുസൂക്ഷിച്ച്..
സ്നേഹ ലോകം പടുത്തുയർത്താം.....

Avani P
std : V

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

## Stephen william hawking



stephen william hawking known for his work regareding balck holes in space he has authored several popular science books even at an earrly age,hawking showed a passion for science and astronomy at the age of twenty one while studing at cambridge he was diagnosed with a serious disease gradually he become entirely paralysed and his life got confined to a wheel chair pespite his illness he has done ground ground-breaking work in physicist and astranomy.

ABHILASH JOSEPH.

# പന്തു മരം

കുന്നിടിച്ചു നിരത്തുന്ന യന്ത്രമേ
മണ്ണു മാന്തിയെടുക്കുന്ന കൈകളിൽ
പന്തുപോലൊന്നു കിട്ടിയാൽ നിർത്തണേ,
ഒന്ന് കൂക്കി വിളിച്ചറിയിക്കണേ,
പണ്ടു ഞങ്ങൾ കുഴിച്ചിട്ടതാണെടോ
പന്തു കായ്ക്കും മരമായ് വളർത്തുവാൻ.

അവന്തിക അജിത്ത്
VI A

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

# സൈബർ സുരക്ഷയെക്കുറിച്ച് അറിയൂ...

ഇന്റർനെറ്റിയും സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകളുടെയും ഉപയോഗത്തെക്കുറിച്ച് നമുക്ക് അറിയാം. ആശയവിനിമയത്തിനും വിനോദത്തിനും അറിവുനേടുന്നതിലുമെല്ലാം ഇവയുടെ അനന്തസാധ്യത നാം നേരിട്ടറിഞ്ഞിട്ടുള്ളതാണല്ലോ. എന്നാൽ കുറച്ച കാലമായി വിദ്യാർഥികളും കൗമാരക്കാരുമായ ചിലരെങ്കിലും സോഷ്യൽ മീഡിയയുടെ ചുഷിതവലയത്തിൽപ്പെടുന്നതായി നാം കാണുന്ന ഇത്തരത്തിൽ ഇരകളാകുന്നതിൽ നിന്നും സ്വയം രക്ഷനേടുന്നതിനും സംരക്ഷിതരാകുന്നതിനും ഓരോരുത്തർക്കും കഴിയേണ്ടതുണ്ട്. ഇതിനായി ഓൺലൈൻ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ചില സുരക്ഷമാർഗ്ഗങ്ങൾ നാം സ്വീകരിക്കേണ്ടതായിട്ടുണ്ട്.

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

**സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകൾ അപകടകാരികളാകുന്നതെപ്പോൾ?**

. ഒരാളുടെ സ്വകാര്യവിവരങ്ങളെല്ലാം പോസ്റ്റ് ചെയ്യുകയോ ഷെയർ ചെയ്യുകായോ ചെയ്യുമ്പോൾ., പ്രത്യേകിച്ച് ഫോൺ നമ്പർ, അഡ്രസ്,സ്ഥലം, ഫോട്ടോകൾ തുടങ്ങയവ.

. ഒരാളുടെ പ്രൊഫൈൽ കണ്ട് അയാളെ വിശ്യസിക്കുമ്പോൾ., മിക്കപ്പോഴും നൽകിയിട്ടുള്ള പ്രൊഫൈൽ വ്യാജവും അസത്യവുമായിരിക്കും.

ചാറ്റിന്റെ സ്നാപ്ഷോട്ടുകൾ,ഫോട്ടോകൾ,വീഡിയോകൾ എന്നിവ സേവ് ചെയ്ത് ഭാവിയിൽ അത് ബ്ലാക് മെയിലിംഗിനും ഭീഷണിക്കും ഉപയോഗിക്കപ്പെട്ടേക്കാം



അർച്ചന.എസ്

8B

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

## Robert Scoterllaro

Robert Scoterllaro was born in Newyork . His short fiction and poem's have appeared in hundred's of print and online journals and anthologies in 2003 , he was the recipient of zone 3's rainmaker award in poetry . His book , measuring the distance , was shortlisted for the da vinci eye award and it received honorable mention for the eric hoffer book award .

Aswinichandran

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

## Vaikkam Vijayalakshmi

Vaikkam Vijayalakshmi is a gifted singer with a unique voice . She is blind by birth . Right from early childhood , she showed extraordinary talent in singing . She would easily identify the raga of a song even if heard for the first time . She learned more than a hundred ragas without for any formal training in music . She has performed at more than four hundred venues across India . She is also a playback singer . The song “Katte Katte” sung by her in the Malayalam movie ‘Celluloid’ won great apperciation

Anagha.C

# ഓണം

നല്ലൊരു ആഘോഷം നമ്മുടെ ഓണം
ഓണക്കളികൾ കളിച്ചീടും പൊന്നോണം
ഓണം ഓണം പൊന്നോണം
ഓണം ഓണം തിരുവോണം
തിരുവാതിരക്കളികൾ ഉയരും പൊന്നോണം
ഓണം ഓണം പൊന്നോണം
തിരുവാതിര തോണികൾ ഒഴുകും തിരുവോണം
ഓണം ഓണം പൊന്നോണം
ഓണം ഓണം തിരുവോണം

ഹർഷ രാജു

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്

# നന്ദി

ജി എച്ച് എസ് ചാമുണ്ഡിക്കുന്ന്